പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,ഹയർസെക്കന്ററിവിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം

സി.ജി& എ.സി-2/ 152246/2019/ഡി.എച്ച്.എസ്.ഇ

തീയതി : 22/07/2019.

## സർക്കുലർ

വിഷയം:- സി.ജി ആന്റ് എസി - ലഹരി വസ്തുകളുടെ ഉപയോഗം വിപണനവും തടയുന്നത് സംബന്ധിച്ച്

സൂചന:- G3/269/2019/GEdn dated, 03/06/2019/Tvpm

വിദ്യാർത്ഥികളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ ഉപയോഗം തടയുന്നതിനും പൂർണ്ണമായി നിർമാർജനം ചെയ്യുന്നതിനുമായി എക്സൈസ് വകുപ്പ് ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ജോയിന്റ് ഡയറക്ടർ
(അക്കാദമിക്)

ഉള്ളടക്കം:- സൂചന കത്ത്

Scanned by CamScanner

EDUCATION DEPT

28 MAY 2019

## സ്കൂൾ/കോളേജുകളിൽ ലഹരിയുടെ ഉപയോഗം തടയുന്നതിനു വേണ്ട നിർദ്ദേശങ്ങൾ

### സ്കൂൾ അധികൃതരും മാതാപിതാക്കളും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രാവിലെ കുട്ടികൾ സ്കൂളിൽ പ്രവേശിക്കുന്ന സമയത്തും ഉച്ചഭക്ഷണസമയത്തും, വൈകുന്നേരം സ്കൂൾ വിടുന്ന സമയത്തും സ്കൂൾ അധികൃതർ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സമയങ്ങളിൽ പുറമേ നിന്നുമുള്ള ആളുകൾ പ്രവേശിച്ച് കുട്ടികൾക്ക് തന്ത്രപൂർവ്വം ലഹരിവസ്തുക്കൾ കൈമാറുന്നുണ്ടോയെന്നും കുട്ടികൾ പരസ്പരം ലഹരിമരുന്നുകൾ കൈമാറുന്നുണ്ടോയെന്നും നിരീക്ഷിക്കേണ്ടതാണ്.

2. ലഹരിമരുന്നിന്റെ ഉപയോഗം കൂടുതലായി നടക്കുന്നത് ക്ലാസ് മുറികളിലാണ്. ടോയ്‌ലറ്റുകളിലും ഹോസ്റ്റലുകളിലും ക്ലാസ്മുറികളെ അപേക്ഷിച്ച് ലഹരി ഉപയോഗം കുറവാണ്. അദ്ധ്യാപകർ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുകയും ലഹരി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ എക്സൈസ് ഉദ്യോഗസ്ഥരെ വിവരം അറിയിക്കുകയും ചെയ്താൽ തുടക്കത്തിൽ തന്നെ ലഹരിയുടെ ഉപയോഗം തടയാവുന്നതാണ്.

3. മതിലുകളില്ലാത്ത സ്കൂളുകളിൽ സാമൂഹ്യവിരുദ്ധർ പ്രവേശിച്ച് ജനാലവഴിയും മറ്റും കുട്ടികൾക്ക് ലഹരിമരുന്നുകൾ നല്കുന്ന സാഹചര്യം ഒഴിവാക്കാനായി എല്ലാ സ്കൂളുകളിലും മതിലുകൾ കെട്ടാനുള്ള നടപടികൾ സ്വികരിക്കുന്നത് ഉചിതമായിരിക്കും

4. അകാരണമായി പൂർവ്വവിദ്യാർത്ഥികളെയും, പരിചയമില്ലാത്ത ആളുകളെയും സ്കൂളിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുക

5. ഓരോ വർഷവും കുട്ടികളെ shuffle ചെയ്യുന്നത് ഉചിതമായിരിക്കും.

6. എക്സൈസ് അധികൃതരും പോലീസും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

   a. സ്കൂൾ/കോളേജ് പരിസരങ്ങളിൽ എക്സൈസ്/പോലീസ് അധികൃതരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

   b. സ്കൂളിന്റെ 200 മീറ്റർ പരിധിയിലുള്ള ഹോട്ടലുകൾ, തട്ടുകടകൾ, കൂൾബാറുകൾ, ഐസ്ക്രീം പാർലറുകൾ തുടങ്ങിയ കുട്ടികൾക്ക് മിഠായി, ലഡു, മറ്റ് ഭക്ഷണപദാർത്ഥങ്ങൾ എന്നിവ ലഭിക്കുന്ന കടകളിൽ പ്രത്യേകം നിരീക്ഷണം നടത്തേണ്ടതാണ്. കുട്ടികൾക്ക് ലഹരി ചേർത്ത മിഠായിപ്പോലുള്ള മധുരപദാർത്ഥങ്ങൾ ആദ്യം സൗജന്യമായി നല്കി അഡിക്ട് ആക്കുകയും പിന്നീട് പൈസ വാങ്ങി അവർക്ക് വില്പന നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

7. എസ്.പി.സി/എൻ.സി.സി/സ്കൗട്ട്സ് & ഗൈഡ്സ് മറ്റ് ലഹരിവിരുദ്ധക്ലബുകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ പ്രവർത്തിക്കുന്ന കുട്ടികൾ ലഹരിമരുന്നുകളെ കുറിച്ചുള്ള എന്തെങ്കിലും വിവരങ്ങൾ ലഭ്യമാവുകയാണെങ്കിൽ ടി വിവരം താഴെ പറയുന്ന ഫോൺനമ്പറിൽ എക്സൈസ് കമ്മീഷണറെ അറിയിക്കാവുന്നതാണ് ഫോൺനമ്പറുകൾ: 9048044411, 9447178000. എല്ലാ സ്കൂളുകളിലും ടി ഫോൺനമ്പർ നോട്ടീസ്ബോർഡിൽ പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

8. പെൺകുട്ടികളിൽ ആൺകുട്ടികളെ അപേക്ഷിച്ച് ലഹരി ഉപയോഗം കുറവാണെങ്കിലും അവരെ ലഹരിമരുന്നുവാഹകരായി നിയോഗിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാകുന്നു.

9. ടോയ്‌ലറ്റുകളിലും ഹോസ്റ്റലുകളിലും സ്കൂൾ അധികൃതർ ഇടയ്ക്കിടയ്ക്ക് പരിശോധന നടത്തേണ്ടതാണ്. ലഹരിമരുന്ന് ഉപയോഗം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ എക്സൈസ്/പോലീസ് അധികൃതരെ വിവരം അറിയിക്കുക.

10. അദ്ധ്യാപകർ സ്കൂളിൽ വരുമ്പോഴും പോകുമ്പോഴും മറ്റും കുട്ടികൾ കടയുടെ മുൻപിലും മറ്റും കൂട്ടം കൂടി നില്ക്കുകയോ മറ്റേതെങ്കിലും സംശയാസ്പദമായ സാഹചര്യമോ ശ്രദ്ധയിൽപെട്ടാൽ എക്സൈസ്/പോലീസ് അധികൃതരെ വിവരം അറിയിക്കുക.

11. പല സ്കൂൾ/കോളേജുകളിലും പ്രായപൂർത്തിയാവാത്ത വിദ്യാർത്ഥികളും ലൈസൻസ് ഇല്ലാത്ത വിദ്യാർത്ഥികളും വാഹനം ഓടിച്ചുവരുന്നതായി കാണുന്നു. ഈ പ്രവണത സ്കൂൾ അധികൃതർ കർശനമായി തടയേണ്ടതാണ്.

12. കോച്ചിംഗ്/ട്യൂഷൻ സെന്ററുകളിൽ ലഹരിവസ്തുക്കളുടെ ഉപയോഗം നടക്കുന്നതായി എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെയും നടപടികൾ സ്വീകരിക്കാവുന്നതാണ്.

എക്സൈസ് കമ്മീഷണർ

Scanned by CamScanner